പട്ടിക്കരം ഉപവാസം അനുഷ്ഠിക്കേണ്ടിവന്ന ഒരു ദുരവസ്ഥയാണ്. ആ ഫാക്ടറിയിലെ തൊഴിലാളികൾക്ക് നേരിട്ടത്. മാനേജ്മെന്റിന്റെ സഹായ കരമല്ലാത്ത സമീപനം മാറ്റി ന്യായമായ തൊഴിലാളികളുടെ അവകാശങ്ങൾ അംഗീകരിച്ചു കൊടുക്കുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും തൊഴിൽ വകുപ്പിൽനിന്ന് ഉണ്ടാക്കണമെന്നും സമരം എത്രയുംവേഗം ഒത്തുതീർപ്പിലെത്തിക്കുന്നതിന് നടപടികൾ എടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ പ്രധാനമായും ബോണസിനെയും അതിന്റെ ദീർഘകാല കരാറിനെപ്പറ്റിയുമുണ്ടായിട്ടുള്ള ഒരു സമരമാണ്. തുടർച്ചയായി നഷ്ടമുള്ള ഒരു കമ്പനിയായതുകൊണ്ട് സ്റ്റാറ്റ്യൂട്ടറി ബോണസ്, നിയമ പ്രകാരം അർഹതയുള്ള ബോണസ് മാത്രമേ കൊടുക്കുകയുള്ളൂ എന്ന നിർബന്ധബുദ്ധിയിൽ നിൽക്കുകയാണ് മാനേജ്മെന്റ്. നിരവധി അനുരഞ്ജനശ്രമങ്ങൾ നടന്നുവെങ്കിലും അവസാനം 14-10-1986-ൽ ഞാൻ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി. ആ എട്ടും മൂന്നിലൊന്ന് എന്നുള്ളതിൽനിന്ന് അല്പമൊക്കെ മാറ്റം വരുത്താൻ മാനേജ്മെന്റ് തയ്യാറായി എങ്കിലും ഇരുകൂട്ടർക്കും സ്വീകാര്യമായ ഒരു ഒത്തുതീർപ്പിലെത്താൻ കഴിഞ്ഞിട്ടില്ല. ഗവൺമെന്റിന്റെ ശ്രമം തുടരുന്നതാണ്.

(3) വെള്ളായണി കാർഷിക കോളേജിലെ ജോലിക്കാരനെ പോലീസ് സ്റ്റേഷനനിൽ കൊണ്ടുപോയി മർദ്ദിച്ച സംഭവം

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, കഴിഞ്ഞ ശനിയാഴ്ച വെള്ളായണി കാർഷിക കോളേജിലെ ഒരു ജോലിക്കാരനെ നേരം പോലീസ് സ്റ്റേഷൻ സബ്ഇൻസ്പെക്ടറും പാർട്ടിയുമായിവന്ന് കസ്റ്റഡിയിലെടുത്ത് നേരം പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി അതികഠിനമായി മർദ്ദിച്ചതിനു ശേഷം അയാളുടെ മീശ വലിച്ചുപിഴുത് എണ്ണിനോക്കിയിരിക്കുന്നു. അടിയന്തിരാവസ്ഥക്കാലത്തെ പോലീസ് അതിക്രമങ്ങളെ അതിശയിപ്പിക്കുന്ന രീതിയിലാണ് സർ, ഇപ്പോഴും പോലീസ് സ്റ്റേഷനിൽ നടക്കുന്ന പോലീസ് അതിക്രമങ്ങളും അക്രമങ്ങളും നിയമസഭയിൽത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പൊലീസുകാർക്ക് വെടിവയ്ക്കാനുള്ള അവകാശമുണ്ടെന്നു പറഞ്ഞതിന്റെ മൂന്നാംപക്കമാണ് ഈ സംഭവം നടന്നിരിക്കുന്നത്. ആഭ്യന്തര വകുപ്പുമന്ത്രിയുടെ നിർദ്ദേശമനുസരിച്ചാണ് പോലീസ് ഉദ്യോഗസ്ഥൻമാർ അവരുടെ ഔദ്യോഗിക കൃത്യം നിർവ്വഹിക്കുന്നത്. അതുകൊണ്ട് ഇനിയെങ്കിലും പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി മീശ പിഴുന്നതിന് ഉത്തരവ് കൊടുക്കരുതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, മണിയന്റെ പേരിൽ രണ്ടു കേസ്സിൽ പരാതിയുണ്ടായതിന്റെ അടിസ്ഥാനത്തിൽ പോലീസ് ചെന്ന് മണിയനെ ചോദ്യം ചെയ്തു. ഒരു കേസ് കോടതിയിൽ ഫയൽ ചെയ്തു ശിക്ഷിച്ചു. രണ്ടാമത് വേറൊരു വീട്ടുകാരുടെ നേരെയുണ്ടായ അക്രമത്തെ കുറിച്ചുള്ള ഒരു പരാതി കിട്ടി. അങ്ങനെ ആ പരാതി അന്വേഷിക്കാൻ വേണ്ടിയിട്ടാണ് പോലീസ് സ്റ്റേഷനിൽ വിളിച്ചത്. അദ്ദേഹത്തെക്കുറിച്ചുള്ള വ്യക്തിപരമായ അഭിപ്രായമൊക്കെ ശ്രീ. വി. ജെ. തങ്കപ്പന് അറിയാം... എതായാലും ശരി അദ്ദേഹത്തെ സ്റ്റേഷനിൽ വിളിച്ചുകൊണ്ടുപോയിട്ട് മർദ്ദിച്ച് എന്നതിനെക്കുറിച്ച് സിറ്റി പോലീസ് കമ്മീഷണറോട് അന്വേഷിക്കാൻ പറഞ്ഞു. അന്വേഷിച്ചപ്പോൾ ചിലത് നടന്നുവെന്നു പറഞ്ഞപ്പോൾ ആ

LIBRARY ARCHIVES Kerala Legislative Assembly

സ്പോട്ടിൽ സസ്പെൻറു ചെയ്തു. ഈ വക കാര്യങ്ങൾ ഞാൻ വളരെ വ്യക്തമാക്കുകയാണ്. സ്റ്റേഷനിൽ കൊണ്ടുപോയി മർദ്ദിക്കുന്ന ഏർപ്പാട് ഒരു കാരണവശാലും അനുവദിക്കുകയില്ല. ആ സ്പോട്ടിൽവച്ചുതന്നെ സസ്പെൻറു ചെയ്യും. ഓരോ നടപടിക്കുശേഷം ഇതിനകംതന്നെ ഏഴ് ഓഫീസർമാരെ സസ്പെൻറ് ചെയ്തിട്ടുണ്ട്. ഒരിക്കലും ഗവൺമെൻറ് അത് അനുവദിക്കുകയില്ല. ആർക്കെങ്കിലും അങ്ങനെ ഒരു ധാരണയുണ്ടെങ്കിൽ ആ ധാരണ പരിപൂർണ്ണമായി മാറും. കാരണം അതാത് അവസരത്തിൽതന്നെ ആണ് ഓർഡർ ഇഷ്യൂ ചെയ്തിരിക്കുന്നത്.

(4) മുനിസിപ്പാലിറ്റികളിലേയും കോർപ്പറേഷനുകളിലേയും കണ്ടിൻജൻസി ജീവനക്കാരുടെ ശമ്പളവർദ്ധനവ്.

ശ്രീ. എ.സി. ജോസ് : സർ, കേരളത്തിലെ നാൽപ്പതിൽപരം മുനിസിപ്പാലിറ്റികളിലും മൂന്നു കോർപ്പറേഷനുകളിലും ജോലിചെയ്യുന്ന ആയിരക്കണക്കിനു കണ്ടിജൻസി ജീവനക്കാരുടെ പരിതാപകരമായ സ്ഥിതിയാണു ഞാൻ ബഹുമാനപ്പെട്ട മുനിസിപ്പൽ വകുപ്പിൻെറ ചുമതല വഹിക്കുന്ന മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. അവരുടെ ശമ്പളം പരിഷ്ക്കരിക്കുന്നതിനുവേണ്ടി ഏതാണ്ട് രണ്ടുവർഷംമുമ്പ് ഒരു കമ്മീഷനെ വച്ചു സർ. എന്നാൽ ഇന്നുവരെ ആ കമ്മീഷൻെറ റിപ്പോർട്ട് വെളിച്ചം കണ്ടിട്ടില്ല. അതിനു ഒരു തീരുമാനവുമെടുത്തിട്ടില്ല സർ. ബഹുമാനപ്പെട്ട സുന്ദരം സ്വാമി മന്ത്രിയായിരിക്കുമ്പോൾ ഞാൻ റപ്രസൻേറഷൻ കൊടുത്തതാണ്. അദ്ദേഹം കഴിഞ്ഞ 1985 ജൂലായ് മാസത്തിൽ ഒരു തീരുമാനമെടുക്കുമെന്നു പറയുകയാണു ചെയ്തത്. ഇപ്പോൾ ഒന്നരവർഷം കഴിഞ്ഞു ഇതുവരെ ഒരു തീരുമാനവുമെടുത്തിട്ടില്ല. ഈ കാര്യത്തിൽ എന്തെങ്കിലും നടപടി അടിയന്തിരമായി ചെയ്ത് കണ്ടിൻജൻസി ജീവനക്കാരുടെ ദുരിതപൂർണ്ണമായ അവസ്ഥയിൽനിന്ന് അവരെ രക്ഷിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഇപ്പോഴുള്ള കണ്ടിൻജൻസി തൊഴിലാളികളുടെ കാറ്റഗറികൾ നിലനിർത്തിക്കൊണ്ട് ശമ്പളസ്കെയിലുകൾ, സ്പെഷ്യൽ ഡി.എ., വീട്ടുവാടക, മെഡിക്കൽ അലവൻസ് തുടങ്ങിയവ പരിഷ്ക്കരിക്കാൻ വേണ്ടി ബോർഡ് ശുപാർശ ചെയ്തിട്ടുണ്ട്. ഈ ശുപാർശയിൻമേൽ ഉടനടി തീരുമാനമെടുത്ത് നടപ്പിലാക്കണമെന്നാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്. ക്യാബിനറ്റ് പരിശോധിച്ചശേഷം ഉടനെതന്നെ ഇതിൻമേൽ ആവശ്യമായ തീരുമാനമെടുക്കുന്നതാണ്.

(5) മേപ്പയൂർ നിയോജക മണ്ഡലത്തിലെ രണ്ടു കൊലപാതകങ്ങൾ

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : സർ, എൻെറ നിയോജക മണ്ഡലത്തിലെ കാസിം എന്ന ഒരു മുസ്ലീംലീഗ് പ്രവർത്തകൻ കൊല്ലങ്ങൾക്കു മുമ്പ് വടകരയിലെ ഒരു കുണ്ടുകിണറ്റിൽ കൊല്ലപ്പെട്ട നിലയിൽ കാണുകയുണ്ടായി. ഗവൺമെൻറ് അതു സംബന്ധിച്ച് കൂലംകഷമായി അന്വേഷിക്കാൻ പലവിധ നിർദ്ദേശങ്ങൾ കൊടുത്തുവെങ്കിലും ഇതുവരെയും ആ കേസ്സിനു തെളിവുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. എനിക്ക് അറിയില്ല, ഇപ്പോൾ ആ പ്രദേശത്തുള്ള ആളുകൾ പറയുന്നത് സി.ബി.ഐ. യ്ക്കു കൊടുത്ത് ഒന്നു പരിശോധിച്ച് നോക്കണമെന്നു ഗവൺമെൻറിനോട് നിർബന്ധപൂർവ്വം ആവശ്യപ്പെടണമെന്നാണ്. മറെറാന്ന് എൻെറ നിയോജകമണ്ഡലത്തിൽ തന്നെയുള്ള

LIBRARY ARCHIVES Kerala Legislative Assembly